2 പുതിയ ബ്രാൻഡുകളുമായി ഫാമിലി വെഡിങ് സെന്റർ

കണ്ണൂർ: ഫാമിലി വെഡിങ് സെന്ററിന്റെ ഏറ്റവും പുതിയ ബ്രാൻഡുകളായ എഫ് ലൂം ദോത്തിയും ആയിശു ബി ഷാളും ഔദ്യോഗികമായി പുറത്തിറക്കി. ഫാമിലി വെഡിങ് സെന്റർ ചെയർമാൻ കല്ലിൽ ഇമ്പിച്ചി അഹ്മദ്, മാനേജിങ് ഡയറക്ടർമാരായ അബ്ദുൽബാരി, അബ്ദുസലാം എന്നിവർ ചേർന്ന് ഒഫീഷ്യൽ ലോഞ്ച് നിർവഹിച്ചു. കണ്ണൂർ ഷോറൂമിൽവച്ച് നടന്ന ചടങ്ങിൽ ജനറൽ മാനേജർ റിയാഖത്ത്, പർച്ചേസിങ് മാനേജർ നിഷാദ്, സിയാദ് എന്നിവർ പങ്കെടുത്തു. നൂതനമായ നെയ്ത്ത് സാങ്കേതികതകൾ ഉപയോഗപ്പെടുത്തിയാണ് എഫ് ലൂം ദോത്തികൾ നിർമിക്കുന്നത്. മികച്ച ഗുണനിലവാരമുള്ള ആയിശു ബി ഷാളുകളും വിവിധ ഡിസൈനുകളിൽ ലഭ്യമാണ്. ഫാമിലിയിലെ വസ്ത്രങ്ങളുടെ ഐഡന്റിന്റി അതിന്റെ സ്വന്തം ബ്രാൻഡുകളാണ്. മറ്റെവിടെയും ലഭിക്കാത്ത സൽവാർ, കുർത്തി, വെസ്റ്റേൺ ടോപ്, ഗേൾസ് ടോപ്സ് ബ്രാൻഡുകൾ ഫാമിലിയുടെ മാത്രം എക്സ്ക്ലൂസീവ് കളക്ഷനാണ്.

ലൂണ ബെല്ല, സഫേൽ, ലൂമി, ഇഷിക, ദിവാനി, ഇഷ്വാനി എന്നീ സൽവാർ ബ്രാൻഡുകളും റുഷിക, യാലി, രംഗ്രിത്രി, കർവിക്യൂ, എർഷ് എന്നീ കുർത്തി ബ്രാൻഡുകളും കുറഞ്ഞ കാലത്തിനുള്ളിൽ വൻ ജനപ്രീതിയാണ് കൈവരിച്ചത്. അർബൻ ഗ്രേ, ബക്ക, പോപ് ജൂനിയർ, ബെയ്മൻ എന്നീ ബ്രാൻഡുകൾക്കും ആരാധകർ ഏറെയുണ്ട്.

പ്രവാസികൾക്ക് സുരക്ഷ ഒരുക്കുന്നതിന് സ്വീകരിച്ച നടപടികളെ അഭിനന്ദിച്ച് ഡോ. ആസാദ് മൂപ്പൻ

കോഴിക്കോട്: യു.എസ്–ഇറാൻ യുദ്ധംമൂലം ഉണ്ടായിരിക്കുന്ന പ്രതിസന്ധിഘട്ടത്തിൽ പ്രവാസി സമൂഹത്തിന്റെ സുരക്ഷയും സ്ഥിരതയും ബിസിനസ്സ് സംരക്ഷണത്തിനുമായി ജി.സി.സി–കേരള സർക്കാരുകൾ സ്വീകരിച്ച നടപടികളെ അഭിനന്ദിച്ച് ആസ്റ്റർ ഡി.എം ഹെൽത്ത് കെയർ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ. നോർക്ക വഴി ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള ലോക കേരള സഭാ പ്രതിനിധികളുടെ ഓൺലൈൻ യോഗത്തിൽ സംസാരിക്കവെ പ്രതിസന്ധി സാഹചര്യത്തിൽ പ്രവാസി സമൂഹത്തിന്റെ സുരക്ഷക്കായി സ്വീകരിച്ച പിന്തുണയും ഏകോപനവും ഉറപ്പാക്കിയ മുഖ്യമന്ത്രി പിണറായി വിജയന്റെ സജീവമായ ഇടപെടലിനെ ഡോ. ആസാദ് മൂപ്പൻ എടുത്തു പറഞ്ഞു.

നിയമസഭാ തെരഞ്ഞെടുപ്പ്: കൂടുതൽ ജില്ലകളിൽ കോൺഗ്രസിന് വനിതാ സ്ഥാനാർഥികളുണ്ടാകും

■ വിനോദ് താമരശേരി
കോഴിക്കോട്

നിയമസഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തെ കൂടുതൽ ജില്ലകളിൽ കോൺഗ്രസിനായി വനിതാസ്ഥാനാർഥികൾ പോരാട്ടത്തിനിറങ്ങും. കഴിഞ്ഞ നിയമസഭതെരഞ്ഞെടുപ്പിൽ 12 വനിതകളാണ് കോൺഗ്രസിനായി മത്സരരംഗത്തിറങ്ങിയത്. എന്നാൽ ഇത്തവണ 15 വനിതാ സ്ഥാനാർഥികളെ കളത്തിലിറക്കി വിജയം അനുകൂലമാക്കുകയാണ് കോൺഗ്രസിന്റെ ലക്ഷ്യം. നിലവിൽ കോൺഗ്രസിന് തൃക്കാക്കരയിൽനിന്ന് വിജയിച്ച ഉമ തോമസ് മാത്രമേ വനിത എം.എൽ.എ. ആയിള്ളു. ഉമ തോമസ് തൃക്കാക്കരയിൽ അടുത്ത തെരഞ്ഞെടുപ്പിലും കോൺഗ്രസ് സ്ഥാനാർഥിയാകും. മുൻ എം.എൽ.എ ഷാനിമോൾ ഉസ്മാൻ ഇത്തവണയും അരൂരിൽ സ്ഥാനാർഥിയായേക്കും. സി.പി.ഐ.എമ്മിൽ നിന്നും കോൺഗ്രസിലെത്തിയ മുൻ കൊട്ടാരക്കര എം.എൽ.എ. അയിഷാപോറ്റിയും ഇത്തവണ മത്സരിക്കും.

കെ.പി.സി.സി. ജനറൽസെക്രട്ടറി അഡ്വ.വിദ്യാബാലകൃഷ്ണൻ എലത്തൂരിലും കെ.എ.തുളസി ചേലക്കരയിലും കോൺഗ്രസ് സ്ഥാനാർഥികളായി മത്സരിക്കും. മുൻ എം.പി. രമ്യഹരിദാസ് അടുത്ത നിയമസഭ തെരഞ്ഞെടുപ്പിലും സ്ഥാനാർഥിയാകും. അടൂർ, ചിറയിൻകീഴ്, ബാലുശേരി തുടങ്ങിയ ഏതെങ്കിലും സംവരണ മണ്ഡലത്തിലാകും രമ്യയെ പരിഗണിക്കുക. പാർട്ടി ആവശ്യപ്പെട്ടാൽ എവിടെയും മത്സരിക്കാൻ രമ്യ തയ്യാറാണ്.

കൊല്ലം ഡി.സി.സി. പ്രസിഡന്റ് അഡ്വ.ബിന്ദുകൃഷ്ണ വരുന്ന തെരഞ്ഞെടുപ്പിലും മത്സരിക്കും. കൊല്ലത്ത് തന്നെയാണോ ബിന്ദു മത്സരിക്കുകയെന്നത് വ്യക്തമായിട്ടില്ല. യൂത്ത് കോൺഗ്രസ് നേതാവ് അഡ്വ.മുത്താര മാവേലിക്കരയിൽ യു.ഡി.എഫ് സ്ഥാനാർഥിയാകും. മുൻമന്ത്രി പി.കെ. ജയലക്ഷ്മി മാനന്തവാടി മണ്ഡലത്തിൽ അടുത്ത തവണയും സ്ഥാനാർഥിയായേക്കും.

കെ.പി.സി.സി. ജനറൽസെക്രട്ടറി സോണിയ ഗിരി, എറണാകുളം കോർപ്പറേഷൻ കൗൺസിലറായ ദീപ്തി മേരി വർഗീസ്, അമൃത രാമകൃഷ്ണൻ എന്നിവരും കോൺഗ്രസിന്റെ സ്ഥാനാർഥി പട്ടികയിലുണ്ട്.

സോണിയഗിരി തൃശൂർ ജില്ലയിലും ദീപ്തി മേരി വർഗീസ് എറണാകുളം ജില്ലയിലുമാകും മത്സരിക്കുക. കണ്ണൂർ നിയമസഭാ മണ്ഡലത്തിലേക്കാണ് അമൃത രാമകൃഷ്ണനെ പരിഗണിക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കായംകുളത്ത് മത്സരിച്ച യൂത്ത് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ് അരിതാ ബാബു വരുന്ന തെരഞ്ഞെടുപ്പിലും സ്ഥാനാർഥിയായേക്കും. വനിതവോട്ടർമാരാണ് മിക്ക മണ്ഡലങ്ങളിലേയും വിജയികളെ തീരുമാനിക്കുന്നതെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് മികച്ച വനിത സ്ഥാനാർഥികളെ രംഗത്തിറങ്ങി വിജയം ഉറപ്പാക്കാൻ കോൺഗ്രസ് ശ്രമിക്കുന്നത്. നിയമസഭാതെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് 24 ശതമാനം സ്ഥാനാർഥികളായി വനിതകളെ തീരുമാനിക്കണമെന്നായിരുന്ന മഹിള കോൺഗ്രസിന്റെ ആവശ്യം. 24 ശതമാനം സ്ഥാനാർഥികളെ ലഭിക്കില്ലെങ്കിലും 2021ലെ നിയമസഭാ തെരഞ്ഞെടുപ്പിലെ വനിതസ്ഥാനാർഥികളെക്കാൾ എണ്ണത്തിൽ വർധനവുണ്ടാകുമെന്ന് കാര്യത്തിൽ ഉറപ്പാണ്. കഴിഞ്ഞ നിയമസഭ തെരഞ്ഞെടുപ്പിൽ മത്സരിച്ച 12ൽ 11 കോൺഗ്രസ് വനിത സ്ഥാനാർഥികളും പരാജയപ്പെട്ടിരുന്നു. അതിനാൽ കൂടുതൽ വിജയസാധ്യതയുള്ള മണ്ഡലങ്ങൾ ഇത്തവണ വനിതകൾക്കായി മാറ്റി വെയ്ക്കണമെന്ന ആവശ്യവും ശക്തമാണ്.

● എസ്.എസ്.എൽ.സി. പരീക്ഷയുടെ അവസാനവട്ട തയാറെടുപ്പിലേർപ്പെട്ട കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂളിലെ വിദ്യാർഥിനികൾ. -കൃഷ്ണൻ കാഞ്ഞിരങ്ങാട്.

● വി.എസ്. അച്യുതാനന്ദന്റെ വിശ്വസ്തനായ എ. സുരേഷ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങളെ സന്ദർശിക്കുന്നു.

തുരങ്കപാത: ആദ്യ ബ്ലാസ്റ്റിങ് നാളെ മുഖ്യമന്ത്രി സ്വിച്ച് ഓൺ ചെയ്യും

കോഴിക്കോട്: കേരളത്തിന്റെ സ്വപ്ന പദ്ധതികളിലൊന്നായ ആനക്കാംപൊയിൽ–കള്ളാടി–മേപ്പാടി തുരങ്കപാതയുടെ ആദ്യ ബ്ലാസ്റ്റിന്റെ സ്വിച്ച് ഓൺ നാളെ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. രാവിലെ 11ന് മറിപ്പുഴ പദ്ധതി പ്രദേശത്താണ് ചടങ്ങ്. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പ്രവേശനം പാസ് മുഖേന നിയന്ത്രിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കായി മുത്തപ്പൻപുഴ എൽ.പി. സ്കൂളിൽ തത്സമയ സംപ്രേഷണം ഉണ്ടാകും. പരിപാടിയിൽ പൊതുമരാമത്ത്–ടൂറിസം വകുപ്പ് മന്ത്രി പി.എ.മുഹമ്മദ് റിയാസ് അധ്യക്ഷനാകും. മന്ത്രിമാരായ കെ.എൻ. ബാലഗോപാൽ, കെ.രാജൻ, എ.കെ.ശശീന്ദ്രൻ, ഒ. ആർ.കേളു, പ്രിയങ്ക ഗാന്ധി എം.പി, എം.എൽ.എമാരായ ലിന്റോ ജോസഫ്, ടി.സിദ്ദീഖ്, കിഫ്ബി സി.ഇ.ഒ ഡോ.കെ.എം. അബ്രഹാം, പൊതുമരാമത്ത് സെക്രട്ടറി കെ.ബിജു തുടങ്ങിയവർ പങ്കെടുക്കും.

ബ്ലാസ്റ്റിനോടാനുബന്ധിച്ച് സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. 2025 ഓഗസ്റ്റ് 31നാണ് മുഖ്യമന്ത്രി തുരങ്കപാതയുടെ പ്രവൃത്തി ഉദ്ഘാടനം നിർവഹിച്ചത്. അനുബന്ധ നിർമാണ പ്രവർത്തനങ്ങളായ താൽക്കാലിക പാലം, ക്രഷർ യൂണിറ്റ്, ഫ്യൂവൽ ടാങ്ക്, തൊഴിലാളികൾക്ക് താമസിക്കാനുള്ള ക്യാമ്പ് ഷെഡ് എന്നിവയെല്ലാം പൂർത്തിയാക്കിയാണ് പദ്ധതിയുടെ പ്രധാന ഘട്ടങ്ങളിലൊന്നായ ബ്ലാസ്റ്റിങ് ആരംഭിക്കുന്നത്.

ആയുർവേദ അനസ്തേഷ്യ ഇഞ്ചക്ഷന് പങ്കജകസ്തൂരിക്ക് പേറ്റന്റ്

തിരുവനന്തപുരം : പങ്കജകസ്തൂരി 2022ൽ വികസിപ്പിച്ച തികച്ചും ഹെർബൽ ആയ ആദ്യത്തെ ലോക്കൽ അനസ്തേഷ്യ ഇഞ്ചക്ഷന് പേറ്റന്റ് ലഭിച്ചു. ഡോ. ജെ. ഹരീന്ദ്രൻ നായരും, ഡോ. ഷാൻ ശശിധരനും ചേർന്ന് വികസിപ്പിച്ച ഈ ഔഷധം ദോഷരഹിതമാണെന്നും പാർശ്വഫലങ്ങൾ ഉണ്ടാക്കുന്നില്ലെന്നും കണ്ടെത്തി.

ഗ്രാമ്പൂ, ജാതിക്ക, കരിംജീരകം, ജടാമാഞ്ചി തുടങ്ങിയ ആയുർവേദ ദ്രവ്യങ്ങളാൽ തയാറാക്കുന്ന ഈ ഇഞ്ചക്ഷൻ പരക്കെ ഉപയോഗിക്കുന്ന ലിഗ്നോകെയ്ൻ എന്ന അനസ്തേഷ്യ ഇഞ്ചക്ഷനുമായി താരതമ്യ പഠനം നടത്തിയാണ് ഗുണമേന്മ തെളിയിച്ചത്. ലിഗ്നോകെയ്ൻ ചെറിയ രീതിയിലുള്ള സർജറികൾക്ക് സാധാരണയായി 35 മിനിറ്റ് വരെ വേദനരഹിത അവസ്ഥ നിലനിർത്തുമ്പോൾ ഈ പോളിഹർബൽ ഫോർമുല അതിലും പകുതി അളവിൽ ഉപയോഗിക്കുമ്പോൾ തന്നെ 40 മുതൽ 50 മിനിറ്റ് വരെ വേദനരഹിത അവസ്ഥ നിലനിർത്തുന്നതായും ക്രമേണ നാഡീവ്യൂഹങ്ങളിലോ, ത്വക്കിലോ ഒരുവിധ ദോഷവശങ്ങളും ഉണ്ടാക്കാതെ പൂർവാവസ്ഥയിൽ എത്തുന്നു എന്നും പഠനങ്ങൾ തെളിയിച്ചു. ഭാവിയിൽ ആയുർവേദ ശാസ്ത്രക്രിയ വിഭാഗത്തിന് (ശല്യ തന്ത്ര വിഭാഗം) ഈ ഔഷധക്കൂട്ട് ഒരു വിശിഷ്ടവരദാനമായി മാറും എന്ന കാര്യത്തിൽ സംശയമില്ലെന്നും ചരിത്രപരമായ നേട്ടമായി ഇതിനെ കാണുന്നു എന്നും പങ്കജകസ്തൂരി ഫൗണ്ടറും മാനേജിങ് ഡയറക്ടറുമായ ഡോ. ജെ. ഹരീന്ദ്രൻ നായർ അറിയിച്ചു.

വി.എസിന്റെ വിശ്വസ്തൻ പാണക്കാട്ട് എത്തി

മലപ്പുറം: മുൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദന്റെ സന്തത സഹചാരിയും വിശ്വസ്തനും പഴ്സണൽ അസിസ്റ്റന്റുമായിരുന്ന എ. സുരേഷ് പാണക്കാട്ടെത്തി മുസ്ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങളെ കണ്ടു. ഇന്നലെ രാവിലെ 11നാണ് മഞ്ഞളാംകുഴി അലി എം.എൽ.എ, പി.കെ. ഫിറോസ് എന്നിവർക്കൊപ്പം പാണക്കാട്ടെത്തിയത്. പി.കെ. കുഞ്ഞാലിക്കുട്ടിയെ സന്ദർശിച്ചശേഷമാണ് പാണക്കാട്ടെത്തിയത്. ഏറെക്കാലത്തെ ആഗ്രഹമായിരുന്നു പാണക്കാട്ടു വരണമെന്നതെന്നും അതിനു സാധിച്ചതിൽ അതിയായ സന്തോഷമുണ്ടെന്നും സുരേഷ് പറഞ്ഞു. കേരളത്തിന്റെ മതേതരത്വത്തിന്റെ അംബാസഡർമാരാണ് പാണക്കാട് തങ്ങൾമാർ. സാംസ്കാരിക ഇടമാണ് കൊടപ്പനക്കൽ തറവാട്–അദ്ദേഹം പറഞ്ഞു.

ജനാധിപത്യ ചേരിയിലേക്ക് സ്വാഗതംചെയ്ത് സാദിഖലി തങ്ങൾ

മലപ്പുറം: എ. സുരേഷിനെ ജനാധിപത്യ ചേരിയിലേക്കു സ്വാഗതം ചെയ്യുന്നുവെന്നു പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾ പ്രതികരിച്ചു. 'നല്ല പാരമ്പര്യമുള്ള വ്യക്തിയാണ് സുരേഷ്. അതു ജനങ്ങൾക്കു ബോധ്യവുമുണ്ട്. ഈ മാറ്റത്തെ ജനങ്ങൾ തീർച്ചയായും അംഗീകരിക്കും– തങ്ങൾ പറഞ്ഞു.

വിലനിലവാരം

■ കോഴിക്കോട്

സ്വർണം.....120640
വെള്ളി.....285000
വെളിച്ചെണ്ണ..... 27900

● കൊപ്ര

എടുത്തപടി 16000
റാസ് 15600
ദിൽപസന്ത്.....16100
രാജാപ്പൂർ: 30500
ഉണ്ട: 25500

● പിണ്ണാക്ക്

റോട്ടറി..... 4300
എക്സ്പല്ലർ:..... 4100

● നാളികേരം നാടൻ

വടകര കൊട്ടത്തേങ്ങ: 30000–32000
ചെറുത്.....32000–33000
വലുത്.....33000–36000

ചൂടി കൊയിലാണ്ടി–1..... 9100
ചൂടി കൊയിലാണ്ടി–2..... 8300
ചൂടി ബേപ്പൂർ 1– 6500
ചൂടി ബേപ്പൂർ 2–..... 6000

● കുരുമുളക്

നാടൻ:..... 65000
ചേട്ടൻ:..... 66500
വയനാടൻ: 67500

ചുക്ക് 20000–25000
മഞ്ഞൾ..... 8000
ഏലം പച്ച..... 1050

● റബർ

ആർ.എസ്.എസ്–4..... 21400
ആർ.എസ്.എസ്–5..... 19500
ഒട്ടുപാൽ..... 13600

● കാലിക്കറ്റ് സർവകലാശാലാ വാർത്തകൾ

www.universityofcalicut.info

ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷാഫലം

രണ്ടാം സെമസ്റ്റർ എം.എസ് സി. കമ്പ്യൂട്ടർ സയൻസ് (CBCSS 2020 പ്രവേശനം) സെപ്റ്റംബർ 2024 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

●● വിദൂര വിഭാഗം (CBCSS) എം.കോം. രണ്ടാം സെമസ്റ്റർ (2019 പ്രവേശനം) സെപ്റ്റംബർ 2023, നാലാം സെമസ്റ്റർ (2020 പ്രവേശനം) സെപ്റ്റംബർ 2024 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 16 വരെ അപേക്ഷിക്കാം.

●● മൂന്നാം സെമസ്റ്റർ (2024 പ്രവേശനം) എം.എച്ച്.എം. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 16 വരെ അപേക്ഷിക്കാം.

●● വിദൂര വിഭാഗം മൂന്നാം സെമസ്റ്റർ ബി.കോം., ബി.ബി.എ. (CUCBCSS UG2014, 2015, 2016) സെപ്റ്റംബർ 2022 ഒറ്റത്തവണ റഗുലർ സപ്ലിമെന്ററി പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 22 വരെ അപേക്ഷിക്കാം.

●● മൂന്നാം സെമസ്റ്റർ എം.എസ് സി. ഫുഡ് സയൻസ് ആന്റ് ടെക്നോളജി (CBCSS PG 2023, 2024 പ്രവേശനം) നവംബർ 2025 റഗുലർ / സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 13 വരെ അപേക്ഷിക്കാം.

●● മൂന്നാം സെമസ്റ്റർ എം.എ. ജേണലിസം ആന്റ് മാസ് കമ്മ്യൂണിക്കേഷൻ (CBCSS PG 2022, 2023, 2024 പ്രവേശനം) നവംബർ 2025 റഗുലർ/ സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 16 വരെ അപേക്ഷിക്കാം.

●● ഒന്നാം സെമസ്റ്റർ എം.ബി.എ. ഇന്റർനാഷണൽ ഫിനാൻസ്, ഹെൽത്ത് കെയർ മാനേജ്മെന്റ് (2021 മുതൽ 2025 വരെ പ്രവേശനം) ജനുവരി 2026 പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 16 വരെ അപേക്ഷിക്കാം.

●● വിദൂര വിഭാഗം മൂന്നാം സെമസ്റ്റർ എം.കോം. (CBCSS 2022, 2023 പ്രവേശനം) നവംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിന് 16 വരെ അപേക്ഷിക്കാം.

സൂക്ഷ്മപരിശോധനാഫലം

ഒന്നാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ്, അറബിക്, എം.എസ് സി. ഫിസിക്സ്, സൈക്കോളജി, എം.എസ്.ഡബ്ല്യൂ. (CBCSS PG) നവംബർ 2025 പരീക്ഷകളുടെ സൂക്ഷ്മപരിശോധനാഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയഫലം

സംയോജിത ഒന്നും രണ്ടും സെമസ്റ്റർ ബി.ടെക്. (2014 സ്കീം 2016 2018 പ്രവേശനം) ഏപ്രിൽ 2024 പരീക്ഷകളുടെ പുനർമൂല്യനിർണയഫലം പ്രസിദ്ധീകരിച്ചു.

കുടുമ്പി വില്ലേജ് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ.സി 1255
ചാലോട്, പി.ഒ എടയന്നൂർ, കണ്ണൂർ ജില്ല 670595, ഫോൺ: 9645486765
ശാഖ: മുട്ടന്നൂർ, ഫോൺ: 9544484665

ആവശ്യമുണ്ട്

സംഘത്തിൽ ഒഴിവുള്ള തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ സ്വന്തം കൈപടയിലുള്ള അപേക്ഷയൊടൊപം വയസ്സ്, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപെടുത്തിയ പകർപ്പുകൾ സഹിതം 13.03.2026 ന് വൈകു.4 മണിക്ക് മുമ്പായി സംഘത്തിന്റെ ചാലോടുള്ള ഹെഡ്ഓഫീസിൽ എത്തിക്കേണ്ടതാണ്.

തസ്തിക	ഒഴിവുകളുടെ എണ്ണം
പ്യൂൺ	1 (ഒന്ന്)

വയസ്സ്, വിദ്യാഭ്യാസ യോഗ്യത, ശമ്പളം എന്നിവ സഹകരണ നിയമത്തിനും ചട്ടത്തിനും വിധേയമായിരിക്കും. എഴുത്തുപരീക്ഷയുടെയും കൂടിക്കാഴ്ചയുടെയും അടിസ്ഥാനത്തിലായിരിക്കും നിയമനം നടത്തുക.

ചാലോട്
04.03.2026
(ഒപ്പ്) കൽപനപ്രകാരം
സെക്രട്ടറി

നഷ്ടപ്പെട്ടു

1991–1992 മാർച്ച് വർഷത്തെ 383124 രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി. ബുക്ക് വീണ്ടെടുക്കാൻ പറ്റാത്ത വിധം കൈമോശം വന്നിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ഇതിൻമേൽ ആക്ഷേപം ഉള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻ, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്. എന്ന്,
നുസൈബ. കെ, D/o ഹംസ. കെ.
കാവിലകത്ത് ഹൗസ്, പി.ഒ: വെട്ടം
പള്ളിപ്രം, തിരൂർ–676102

NOTICE

I BIJU A.K HEREBY INVITE TO THE NOTICE OF THE PUBLIC THAT MY MARKLIST OF BA DEVELOPMENT ECONOMICS EXAMINATIONS PART I - 2004 APRIL WITH REGISTER NO: 23977, PART II 2002 APRIL WITH REGISTER NO: 110236, PART III 2003 APRIL WITH REGISTER NO: 110236 OF UNIVERSITY OF CALICUT. HAS BEEN IRRECOVERABLY LOST DURING TRAVEL ON 20/02/2026 AND AS SUCH INTEND TO APPLY FOR THE DUPLICATE MARK LIST IF ANYBODY HAPPEN TO GET THE ORIGINAL, KINDLY SEND THE SAME OR INTIMATE THE UNDERSIGNED OR THE UNIVERSITY.
BIJU A.K, AJU NIVAS HOUSE
THARIODE (POST)
POZHUTHANA (VIA)
WAYANAD DT., PIN: 673575

തിരൂർ സബ്ജ് കോടതി
RP IA 1415/2019 OS 121/1990

മമ്മി മുതലായവർ – ഹരജിക്കാർ
റസിയ.ഒ.ടി W/o മൊയ്തുട്ടി, കഴുങ്ങിൽ ഹൗസ്.ചങ്കുവെട്ടി, Sign Restaurantന് പിൻവശം, പി.ഒ.കോട്ടക്കൽ, മലപ്പുറം ജില്ല
-- Suppl R22
മേൽ നമ്പർ ഹരജിക്കാര്യത്തിൽ ടി.എതൃകക്ഷിക്കുള്ള കൽപന പതിച്ച് നടത്തി കേസ് 25/3/2026 തിയ്യതിക്ക് വെച്ചിരിക്കുന്നു. എന്ന്
(ഒപ്പ്) ജിഷ കെ.സി.
അഡ്വക്കറ്റ്, തിരൂർ

കോഴിക്കോട് മുൻസിഫ് കോടതി II P
EP 163/20 OS 598/13

സത്യമൂർത്തി ..... ഹരജിക്കാരൻ
അഷുഹർ ..... എതൃകക്ഷി/R1
മേൽ നമ്പറിലെ 1 ാം എതൃകക്ഷി അഷുഹർ എം. പി. S/o കോമുത്തി, പുളിക്കൽ, ചെറുകര അംശം ദേശം, ഏറനാട് താലൂക്ക്, മലപ്പുറം –673637 എന്നവർക്കുള്ള കല്പന പരസ്യം ചെയ്യാൻ കല്പിച്ച് മേൽ നമ്പർ കേസ് 21–3–2026ന് വെച്ച വിവരം ഇതിനാൽ അറിയിക്കുന്നു. എന്ന്,
സി. കെ . മധുസൂദൻ (ഒപ്പ്)
ഹ. ഭ.അഡ്വക്കേറ്റ്

തിരൂർ സബ്ജ് കോടതി
AS 38/2024

സുധേഷ്കുമാർ.കെ.ടി മുതലായവർ – അപ്പീലന്യായം
1.പി.വി.യാഹു. S/o മൊയ്തു. പട്ടിക്കരവളപ്പിൽഹൗസ്. ചങ്കുവെട്ടി, പി.ഒ.മുതൂർ, വട്ടംകുളം, പൊന്നാനി താലൂക്ക്
2.അബ്ദുള്ള. S/o മൊയ്തീൻകുട്ടി, പാടഞ്ചേരി ഹൗസ്, പി.ഒ.എടപ്പാൾ, പൊന്നാനി താലൂക്ക് – R8,R9.
മേൽ നമ്പർ കേസിൽ ടി.എതൃകക്ഷികൾക്കുള്ള കൽപന പതിച്ച് നടത്തി കേസ് 25/3/2026 തിയ്യതിക്ക് വെച്ചിരിക്കുന്നു എന്ന് (ഒപ്പ്)
എം.കെ.മൂസക്കുട്ടി
അഡ്വക്കറ്റ്, തിരൂർ

മഞ്ചേരി ജില്ലാ കോടതി
AS 50/2025

മുഹമ്മദലി ഹാജി – അപ്പലന്റ്
പള്ളിയാട് സജീർ, S/o പള്ളിയാട്ട് ഇബ്രാഹിം, പള്ളിയാട്ട് ഹൗസ്, കാളമ്പാടി, മലപ്പുറം. പി.ഒ: മലപ്പുറം അംശം, കിഴ്മുറി ദേശം, മലപ്പുറം ജില്ല – 2–ാം എതൃകക്ഷി
മേപ്പടി എതൃകക്ഷിക്കുള്ള നോട്ടീസ് കൽപന പതിച്ചു നടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് 10/04/2026 തിയ്യതിക്ക് വെച്ച വിവരം ഇതിനാൽ അറിയിക്കുന്നു.
എന്ന്, ടി.എച്ച്. ഇസ്ഹാക്ക് (ഒപ്പ്)
അ. ഭാഗം അഡ്വക്കറ്റ്

നഷ്ടപ്പെട്ടു

എന്റെ ബാപ്പ കുടത്താങ്കണ്ടി മമ്മു ഹാജി എന്നവർ തീര് വാങ്ങിയ ചങ്ങരോത്ത്വില്ലേജ്ചങ്ങരോത്ത്ദേശം 69 ൽ 4 റിസർവ്വെയിൽപെട്ട കൊടുവള്ളി മൂലക്കാട്ടിൽപെട്ട ചെമ്പോൻ നടുക്കണ്ടി പറമ്പിൽപെട്ട 10.8 സെന്റ് ടി ദേശം ടി റിസ കൊടുവള്ളി മൂലക്കാട്ടിൽപെട്ട ചെമ്പോൻ നടുക്കണ്ടി പറമ്പിൽപെട്ട 15 സെന്റ്സ്ഥലങ്ങളുടെ പേരാമ്പ്ര സ റ ആപ്പീസിലെ 2005 ൽ 114–ാം നമ്പ്ര് തീരാധാരം നഷ്ടപ്പെട്ട് പോയിരിക്കുന്നു. കണ്ടു കിട്ടുന്നവർ 7 ദിവസത്തിനകം താഴെ പറയുന്ന നമ്പറിൽ ബന്ധപെടുക. അല്ലാത്ത പക്ഷം സർട്ടി ഫൈഡ് കോപ്പി ഉപയോഗിച്ച് വസ്തു കൈമാറ്റം നടത്തുന്നതാണ്. എന്ന്,
കുടത്താങ്കണ്ടി നവാസ്
9577444444

നഷ്ടപ്പെട്ടു

2024 മാർച്ച് വർഷത്തെ 261900 എന്ന രജിസ്റ്റർ നമ്പറിലുള്ള എന്റെ എസ്.എസ്.എൽ.സി ബുക്ക് വീണ്ടെടുക്കാൻ പറ്റാത്തവിധം കൈമോശം വന്നിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത ബുക്കിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാ കമ്മീഷ്ണറുടെ സെക്രട്ടറി മുമ്പാ